(ഡി) ഇങ്ങനെ അദ്ധ്യയനം നഷ്ടപ്പെട്ട കുട്ടികളെ ഡിപ്പാർട്ടുമെന്റു സ്കൂളിൽ ഒരു സ്പെഷ്യൽ ടെസ്റ്റ് നടത്തിയെങ്കിലും അടുത്ത ഉയർന്ന ക്ലാസ്സിലേക്ക് പ്രമോഷൻ കൊടുക്കുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) സ്കൂളിലേക്ക് ചെല്ലേണ്ട സംഖ്യ ലഭിക്കാത്തതുകൊണ്ട് പ്രിൻസിപ്പൽ റ്റി. സി. കൊടുത്തില്ല.
(ഡി) ഓരോ അപേക്ഷയും അതിന്റെ മെരിറ്റു് അനുസരിച്ച് പരിഗണിക്കുന്നുണ്ട്.

UNSTARRED QUESTIONS AND ANSWERS

ശിപായിമാരുടെ തസ്തികയിലുള്ള ഒഴിവുകൾ

290. [1] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടറിയേറ്റിൽ ഏതെങ്കിലും വകുപ്പിൽ ശിപായിമാരുടെ തസ്തിക ഒഴിവുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) അങ്ങനെ ഒഴിവുള്ള വേക്കൻസികളിൽ എന്തുകൊണ്ടാണ് നിയമനം നടത്താത്തത്;

(സി) ഉദ്യോഗനിയമനം ലഭിക്കുന്ന കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുറവർ സമുദായത്തിൽപ്പെട്ടവരെ പി. എസ്. സി.-യിൽനിന്നും നിയമിക്കത്തക്കവണ്ണം വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശിപായിമാരുടെ തസ്തിക തൽക്കാലം ഒഴിവില്ല.
(ബി) 'എ' വിഭാഗത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.
(സി) ശിപായിമാരെ പി. എസ്. സി. മുഖാന്തരമാണ് നിയമിക്കുന്നത്. കുറവർ ഉൾപ്പെടെയുള്ള എല്ലാ പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്കും വേണ്ടി നിഷ്കർഷിച്ചിട്ടുള്ള പ്രാതിനിധ്യതത്വം ശരിക്കും പാലിച്ചുകൊണ്ടാണ് ഉദ്യോഗനിയമനത്തിനായിട്ടുള്ള തിരഞ്ഞെടുപ്പു പി. എസ്. സി. നടത്തുന്നത്. ഇക്കാര്യത്തിൽ കൂടുതലായി ഒന്നും ചെയ്യാനില്ല.

റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണജോലി

291. [7] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽപ്പെട്ട താവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണജോലി ടെൻഡർ പ്രകാരം നൽകിയതാണോ;

(ബി) ആണെങ്കിൽ ആർക്കെല്ലാമാണ് ജോലി നൽകിയിട്ടുള്ളത്;

(സി) സിമൻറ്, കമ്പായം, മണ്ണ് ഈ മൂന്നിനും ജോലിക്ക് വെവ്വേറെ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നോ;

(ഡി) മണ്ണിലോ, കമ്പായത്തിലോ, സിമൻറിലോ ഏതിലാണ് ജോലി തുടരേണ്ടതെന്നു് ടെൻഡർ ലഭിക്കുന്നതിനു മുൻപുതന്നെ തീരുമാനം എടുത്തിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലെങ്കിൽ അതിനു കാരണമെന്തു്;

(എഫ്) ശ്രീ. ഐസക്കു് ബേബി എന്ന ഒരു കരാറുകാരനു് കുമ്മായത്തിൽ ജോലി ചെയ്യുന്നതിനു് ടെൻഡർ സ്വീകരിച്ചു് ജോലി ഏൽപ്പിച്ചു കൊടുത്തിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അയാൾ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾതന്നെ കുമ്മായത്തിൽ ചെയ്ത പണി ഇടിഞ്ഞുപൊളിഞ്ഞു് വീഴുമെന്നു് നേരത്തേകണ്ടു റിപ്പോർട്ടു് തന്നിരുന്നോ;

(എച്ചു്) അപ്രകാരം കെട്ടിയിടത്തോളം ഭാഗങ്ങളെല്ലാം പൊളിഞ്ഞു വീണോ;

(ഐ) രണ്ടാമതു ടെൻഡർ ക്ഷണിക്കാതെ സിമൻറിൽ കെട്ടാൻതന്നെ മേൽപടിയാളെ ഏൽപ്പിച്ചിട്ടുണ്ടോ;

(ജെ) ഇതുവഴി എത്ര ഉറുപ്പിക അധികച്ചെലവു് വന്നിട്ടുണ്ടു്;

(കെ) ഇതിനു് ഉത്തരവാദിയായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) അതെ.

(ബി) ശ്രീ. ഐ. ജി. വേലായുധനും, ശ്രീ. പി. ഐ. ഐസക്കിനും.

(സി) കുമ്മായത്തിനും മണ്ണിനും ഉള്ള ജോലികൾക്കു് വെവ്വേറെ നിരക്കുകൾ ആവശ്യപ്പെട്ടിരുന്നു.

(ഡി) എടുത്തിരുന്നു.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ശ്രീ. പി. ഐ. ഐസക്കിനു് കൊടുത്തിട്ടുണ്ടു്.

(ജി) ഇല്ല.

(എച്ചു്) കഠിനമായ മഴ കാരണം ഒരു ക്ലാസ്സുമുറിയുടെ മേൽവാതിൽ പടിക്കു് (Lintel) മുകളിൽ കെട്ടിയ കുറച്ചു ഭാഗം കേടുവരികയുണ്ടായി.

(ഐ) ഉണ്ടു്.

(ജെ) 7,500 രൂപ.

(കെ) നടപടിയുടെ കാര്യം പരിഗണനയിലിരിക്കുകയാണു്.

ക്ലാർക്കുമാരുടെ പ്രൊമോഷൻ

292. [10] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-11-57-നുമുമ്പു് സപ്ലീസിൽ പ്രവേശിച്ചിട്ടുള്ള ക്ലാർക്കുമാർക്കു് പ്രമോഷൻ കാര്യത്തിൽ ബിരുദധാരികൾക്കും അല്ലാത്തവർക്കും തമ്മിൽ 1:1 എന്ന അനുപാതത്തിലുള്ള പ്രമോഷനു് അർഹതയുണ്ടോ;

(ബി) ഇപ്രകാരം അർഹത ലഭിക്കുന്ന ഓർഡറിൻെറ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(സി) ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ നടത്തുന്ന വ്യവസ്ഥകളും അടങ്ങുന്ന ആർഡറിൻെറ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ഡി) ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ മൂലം ആദ്യഡിപ്പാർട്ടുമെൻറിൽനിന്നു് മറ്റു ഡിപ്പാർട്ടുമെൻറിലേക്കു് വന്നിട്ടുള്ള ഗ്രാഡുവേറ്റുകളായ ക്ലാർക്കുമാർക്കു് അവർ സപ്ലീസിൽ പ്രവേശിച്ചതു് 1-11-57-നുമുമ്പാണെങ്കിൽ 1:1 എന്ന അനുപാതക്രമം കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly